പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 233 — 10/10/2011-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണ സഹായം

ചോദ്യം

ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എം.എ.വാഹീദ്

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് എത്ര തുകയാണ് നൽകി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണത്തിനു ധനസഹായമായി 1,25,000/- രൂപയും പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്കു 1,50,000/- രൂപയുമാണ് വിതരണം ചെയ്തു വന്നിരുന്നത്. 15.9.2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 93/2011/പജ.പവ.വിവ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പു മുഖേന നൽകുന്ന ഭവന നിർമ്മാണ ധനസഹായം പട്ടിക വർഗ്ഗ വിഭാഗത്തിന് 2,50,000/- (രണ്ടരലക്ഷം) രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) | നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുമൂലം ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | | |
| (സി) | ഇങ്ങനെ വർദ്ധിപ്പിക്കുന്ന തുക കേന്ദ്രത്തിൽ നിന്നും സഹായമായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചാണ് നിലവിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. ഭവന നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുമ്പോൾ അധികരിക്കുന്ന തുക കേന്ദ്രത്തിൽ നിന്നും ധനസഹായമായി ലഭിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ